## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**നിയമസഭാചോദ്യം നമ്പർ: 1873**

**22-01-2014-ൽ മറുപടിയ്ക്ക്**

**<u>വകുപ്പുകൾ ലഭ്യമാക്കുന്ന ഭരണ റിപ്പോർട്ടുകൾ</u>**

**ചോദ്യം**
**ശ്രീ.എം.ഹംസ**

**ഉത്തരം**
**ശ്രീ.ഉമ്മൻ ചാണ്ടി**
**(മുഖ്യമന്ത്രി)**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ഓരോ വകുപ്പും പ്രതിവർഷം ഭരണ റിപ്പോർട്ട് സർക്കാരിന് നൽകണമെന്ന നിബന്ധന നിലവിലുണ്ടോ; എങ്കിൽ ഏതെല്ലാം വകുപ്പുകളാണ് ഭരണ റിപ്പോർട്ട് സമയാ സമയങ്ങളിൽ നൽകാത്തത്; | (എ) യും (ബി) യും | ഉണ്ട്. എല്ലാ വകുപ്പുതലവൻമാരും, മുൻ സാമ്പത്തിക വർഷത്തെ/ വർഷങ്ങളിലെ ഭരണ റിപ്പോർട്ടുകൾ, സർക്കാരിലെ ബന്ധപ്പെട്ട ഭരണ വകുപ്പുകൾക്കാണ് നേരിട്ട് സമർപ്പിക്കുന്നത്. സർക്കാരിലെ ഭരണ വകുപ്പുകളാണ് അവ പ്രത്യവലോകനം ചെയ്ത് അച്ചടിച്ച് നിശ്ചിത പ്രതികൾ നിയമസഭാ സെക്രട്ടറിയേറ്റുൾപ്പെടെ ബന്ധപ്പെട്ടവർക്ക് സമർപ്പിക്കുന്നത്. ആയതിനാൽ വകുപ്പുകളുടെ കാലാകാലങ്ങളിലുള്ള ഭരണ റിപ്പോർട്ടിന്റെ സമർപ്പണം സംബന്ധിച്ച് വിവരങ്ങൾ ലഭ്യമാക്കാൻ സർക്കാരിലെ ബന്ധപ്പെട്ട ഭരണ വകുപ്പുകളോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ശേഖരിച്ചുവരുന്നു. |
| (ബി) | ഓരോ വകുപ്പും അതിന്റെ പ്രവർത്തനം സംബന്ധിച്ച വിശദാംശം കാലാകാലങ്ങളിൽ തന്നെ നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ; എങ്കിൽ അത് പാലിക്കാത്ത ഏതെല്ലാം വകുപ്പുകൾ ആണ് ഉള്ളത്; വ്യക്തമാക്കാമോ; | | |
| (സി) | നിലവിൽ വകുപ്പുകൾ ഏത് വർഷത്തെ ഭരണ റിപ്പോർട്ടാണ് സമർപ്പിച്ചുവരുന്നത്; | (സി) | നിലവിൽ വകുപ്പുകൾ മുൻ സാമ്പത്തിക വർഷത്തേയും, റിപ്പോർട്ട് നൽകുവാൻ കുടിശ്ശികയുണ്ടെങ്കിൽ ആ സാമ്പത്തിക വർഷങ്ങളിലെയും ഭരണ റിപ്പോർട്ടുകളാണ് സമർപ്പിച്ചു വരുന്നത്. |
| (ഡി) | 2010-11 വർഷത്തെ ഭരണ റിപ്പോർട്ടുകൾ സമർപ്പിക്കാത്ത എത്ര വകുപ്പുകൾ ഉണ്ട്; അവ ഏതെല്ലാം ; വ്യക്തമാക്കാമോ; | (ഡി) യും (ഇ) യും | സർക്കാരിലെ ഭരണ വകുപ്പുകൾ പൊതുഭരണ (അഡ്മിനിസ്ട്രേഷൻ റിപ്പോർട്ട്) വകുപ്പിനു ലഭ്യമാക്കിയിട്ടുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിൽ, 2010-11- വർഷത്തെ ഭരണ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ള വകുപ്പുകളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു. ടി വർഷത്തെ ഭരണ റിപ്പോർട്ടുകൾ സമർപ്പിക്കാത്ത വകുപ്പുകളെ സംബന്ധിച്ച കൃത്യമായ വിവരം ലഭ്യമാക്കാൻ സർക്കാരിലെ എല്ലാ ഭരണ വകുപ്പുകളോടും ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ശേഖരിച്ചുവരുന്നു. |
| (ഇ) | 2010-11 വർഷത്തെ ഭരണ റിപ്പോർട്ട് ഏതെല്ലാം വകുപ്പുകൾ സമർപ്പിച്ചു; വിശദമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

## 2010-11-വർഷത്തെ ഭരണ റിപ്പോർട്ട് സമർപ്പിച്ച വകുപ്പുകൾ

1. അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസ്
2. കൃഷി വകുപ്പ്
3. മൃഗ സംരക്ഷണ വകുപ്പ്
4. കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി
5. സാംസ്കാരിക വകുപ്പ്
6. ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
7. കൊളീജിയറ്റ് എഡ്യൂക്കേഷൻ വകുപ്പ്
8. ഫോറസ്റ്റ് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്ററുടെ ഓഫീസ്
9. ഹാർബർ എൻജിനീയറിംഗ് വകുപ്പ്
10. ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗ്
11. ഇൻഡസ്ട്രിയൽ ട്രെയിനിംഗ് വകുപ്പ്
12. ഇൻഡസ്ട്രീസ് ആന്റ് കൊമേഴ്സ് വകുപ്പ്
13. കേരളാ സ്റ്റേറ്റ് ലാൻഡ് യൂസ് ബോർഡ്
14. മൈനിംഗ് ആന്റ് ജിയോളജി വകുപ്പ്
15. എൻസിസി ഡയറക്ടറേറ്റ്
16. നാഷണൽ എംപ്ലോയ്മെന്റ് സർവീസ്(കേരളാ)
17. നാഷണൽ സേവിംഗ്സ് വകുപ്പ്
18. രജിസ്ട്രേഷൻ വകുപ്പ്
19. സ്പോർട്സ് ആന്റ് യൂത്ത് അഫയേർസ് വകുപ്പ്
20. പബ്ലിക് ലൈബ്രറി
21. സ്റ്റേഷനറി വകുപ്പ്

സെക്ഷൻ ഓഫീസർ